(ഡി) ഒരു പി.ഡബ്ല്യു.ഡി. റോഡിന്റെ ഇടയിൽ കുറച്ചുഭാഗം മാത്രം ജില്ലാ പഞ്ചായത്തിന്റെ അധീനതയിലിരിക്കുന്നതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് പ്രസ്തുത റോഡ് പൂർണ്ണമായും പി. ഡബ്ല്യു. ഡി. യുടെ അധീനതയിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കോന്നി നിയോജകമണ്ഡലത്തിൽ ജില്ലാ പഞ്ചായത്തിന്റെ അധീനതയിൽ താഴെപ്പറയുന്ന 5 റോഡുകളുണ്ട്.

1. അട്ടച്ചക്കൽ -കുമ്പളം പൊയ്ക റോഡ്
2. അതുംപുകുളം-തണ്ണിത്തോട് റോഡ്
3. കാഞ്ഞിരപ്പാറ-വെട്ടൂർ റോഡ് (കിഴക്കുപ്പുറം വഴി)
4. അതിരുംകൽ-കുളത്തുമൺ റോഡ്
5. പിച്ചാണ്ടിക്കുളം-പൂമരുതിക്കുഴി റോഡ്

(ബി) ഉണ്ട്. അതുംപുകുളം-തണ്ണിത്തോട് റോഡ് ഭാഗം.

(സി) കോന്നി തണ്ണിത്തോട് റോഡിന്റെ (അതുംപുകുളം-തണ്ണത്തോട് റോഡ്) 0/00 മുതൽ 4/800 വരെയുള്ള ഭാഗം ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുണ്ട്.

(ഡി) ഇക്കാര്യം പരിഗണിക്കേണ്ടത് പൊതുമരാമത്തുവകുപ്പാണ്.

ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ നിയമനം

78 (3830) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത് ;

(ബി) സ്പെഷ്യൽ റൂൾ പ്രകാരം നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(സി) പി.എസ്.സി. വഴി ഇതിനകം എത്ര പേരെ നിയമിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഒഴിവുകൾ ഒന്നും നിലവിലില്ല.

(ബി&സി) പി.എസ്.സി.ക്ക് റിപ്പോർട്ടു ചെയ്ത 123 ഒഴിവുകളും, സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി 4 ഒഴിവുകളും നികത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly